DWCD/1318/2022-ICDSB6

I/62687/2022

"ഭരണഭാഷ-മാതൃഭാഷ"

No: DWCD/1318/2022-ICDSB6


വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 18-10-2022
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534


## പരിപത്രം

വിഷയം:- വനിത ശിശുവികസന വകുപ്പ്- അങ്കണവാടി പ്രവർത്തകരുടെ പണിമുടക്ക് -അങ്കണവാടി പ്രവർത്തനത്തെ ബാധിക്കാതിരിക്കാനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്:-

സൂചന:-
1. കേന്ദ്ര സർക്കാരിന്റെ 01/09/2022 ലെ 12/3/2018-CD-I(e-58102) നം കത്ത്
2. സ.ഉ(സാധാ) നം.192/2011/സാക്ഷേവ തീയതി 11/05/2011

അങ്കണവാടി പ്രവർത്തകർ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കൊണ്ട് സമരം/പണിമുടക്ക്/ധർണ തുടങ്ങിയവ നടത്തുന്നത് അങ്കണവാടി സേവനങ്ങളെയോ ഐസിഡിഎസ് സ്കീമിന്റെ ഇംപ്ലിമെന്റേഷനെയോ ബാധിക്കാതിരിക്കാൻ കീഴ്കാര്യാലയങ്ങൾക്ക് നിർദ്ദേശം നൽകുന്നതിന് കേന്ദ്രസർക്കാർ സൂചന (1) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

ഇത്തരം അവസരങ്ങളിൽ അങ്കണവാടി പ്രവർത്തനത്തിന് തടസ്സം നേരിടുന്നപക്ഷം സമരത്തിൽ പങ്കെടുക്കുന്ന അങ്കണവാടി പ്രവർത്തകരുടെ ഹോണറേറിയത്തിൽ കുറവ് വരുത്തുന്നതിന് സൂചന (2) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ കാര്യാലയത്തിൽ നിന്നും നിർദ്ദേശം നൽ കിയിട്ടുണ്ട്. അതോടൊപ്പം അങ്കണവാടി പ്രവർത്തകർ സമരം/പണിമുടക്ക്/ധർണ തുടങ്ങിയവ നടത്തുന്നതിലൂടെ അങ്കണവാടി സേവനങ്ങളെയോ പ്രത്യേകിച്ച് പോഷകാഹാര വിതരണത്തെയോ ഐസിഡിഎസ് സ്കീമിന്റെ ഇംപ്ലിമെന്റേഷനെയോ ബാധിക്കാതിരിക്കാൻ പ്രോജക്റ്റ് തലത്തിൽ അതത് ശിശുവികസന പദ്ധതി ഓഫീസർ ആവശ്യാമായ താല്ക്കാലിക ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർ മാർ ഈക്കാര്യം മുൻകൂട്ടി ഉറപ്പാക്കേണ്ടതാണ്

വനിത ശിശുവികസന ഡയറക്ടർക്ക് വേണ്ടി

1. എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും
4. എല്ലാ സൂപ്പർവൈസർമാർക്കും
5. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്